# വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ - അനുപമ റ്റി വി , ഐ എ എസ്)

വിഷയം —വനിതശിശു വികസന വകുപ്പ്— ജീവനക്കാര്യം — സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം—അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം- 1. വനിത ശിശു വികസന ഡയറക്ടറുടെ 29/07/2021 തീയതിയിലെ E7/13023/20 നമ്പർ നടപടിക്രമങ്ങൾ

2. വനിത ശിശു വികസന ഡയറക്ടറുടെ 04.02.2021 തീയതിയിലെ WCD/E8-12035/20 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ - WCD-E4/4886/21** **തീയതി- 29/07/2021**

വനിത ശിശു വികസന വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് പരാമർശം(1)പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേന സീനിയർ ക്ലാർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് പരാമർശം (2) പ്രകാരമുള്ള ക്ലാർക്ക്/ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ളതുമായ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരന് ഉദ്യോഗക്കയറ്റം ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരന് കെ.എസ്&എസ്.എസ്.ആർ ചട്ടം28 എ(1) പ്രകാരം 35600-75400 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗ കയറ്റം അനുവദിച്ചും ടിയാളുടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ ഉദ്യോഗ കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|---|
| 1 | ക്രിസിൻ ചാക്കോ സണ്ണി<br>ക്ലാർക്ക്<br>ഐ.സി.ഡി.എസ് മൂവാറ്റുപുഴ അഡീഷണൽ | 53 | ഐ.സി.ഡി.എസ് കൊല്ലങ്കോട് | |

2021ലെ പൊതു സ്ഥലംമാറ്റത്തിനായി വകുപ്പിലെ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ടെങ്കിലും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് തടസ്സം നേരിട്ടതിനാൽ സ്ഥലംമാറ്റ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പരാമർശിക്കുന്ന പ്രകാരം

ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരെ നിയമിക്കുന്ന കാര്യാലയങ്ങൾ പൊതു സ്ഥലമാറ്റ നടപടികൾക്കായി ഓപ്പൺ വേക്കൻസിയായി കണക്കാക്കുന്നതും, പൊതു സ്ഥലംമാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി ഒഴിവ് വരുന്ന കാര്യാലയങ്ങളിലേയ്ക്ക് ഇപ്പോൾ ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന ജീവനക്കാരെ മാറ്റി നിയമിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരന് നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

ജീവനക്കാരനെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിട്ടുതൽ ചെയ്യേണ്ടതും, ജീവനക്കാരൻ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരന്റെ വിട്ടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ട് കാര്യാലയ മേധാവികൾ അയച്ചുതരേണ്ടതാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാരന്

പകർപ്പ്

1. ബന്ധപ്പെട്ട കാര്യാലയമേധവികൾക്ക്
2. ജില്ലാ വനിത ശിശു വികസന ഓഫീസർമാർ,എറണാകുളം,പാലക്കാട്
   പ്രോഗ്രാം ഓഫീസർമാർ, എറണാകുളം,പാലക്കാട്
3. ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്
4. സൂപ്രണ്ട് ഐ റ്റി സെൽ
5. ഡയറക്ടറുടെ സി എ
6. സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

Sunil

സൂപ്രണ്ട്